പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2547** 11/10/2011 ൽ മറുപടിയ്ക്ക്

## 'ഭൂമികേരളം' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ' ഭൂമികേരളം' പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ) ഭൂമികേരളം പദ്ധതിയുടെ കീഴിൽ കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ വനാവകാശ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത ദുർബല വിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിനായി കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് , കണ്ണൂർ എന്നീ ജില്ലകളിൽ ഇവർക്ക് അനുവദിച്ചിട്ടുള്ള ഭൂമിയുടെ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>ഭൂമികേരളം പദ്ധതിയുടെ കീഴിൽ റീ-സർവ്വെയ്ക്ക് ആവശ്യമായ ജി.പി.എസ് കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുന്ന ജോലികളും മലപ്പുറം ജില്ലയിൽ മേൽമുറി, തിരുവനന്തപുരം ജില്ലയിൽ മണക്കാട്, തിരുമല, പാലക്കാട് ജില്ലയിൽ പാലക്കാട്-1, കണ്ണൂർ ജില്ലയിലെ മാണിയൂർ എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികളും, ഇടുക്കി ജില്ലയിലെ KDH വെരിഫിക്കേഷൻ സർവ്വെ ജോലികളുമാണ് നടന്നുവരുന്നത്. തൃശ്ശൂർ ജില്ലയിലെ പൂങ്കുന്നം വില്ലേജിന്റെ സെക്ഷൻ 9(2) വിജ്ഞാപനം നടത്തിയിട്ടുണ്ട്.<br>കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ, താലൂക്കിൽ അലിഗഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള സർവ്വെ, പോലീസ് ആസ്ഥാനമന്ദിരം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ സർവ്വെ, കേരളാ മെഡിക്കൽ - സർവ്വീസ് കോർപ്പറേഷനുവേണ്ടി വിവിധ ജില്ലകളിൽ വെയർഹൗസ് സ്ഥാപിക്കുന്ന തിനുള്ള സർവ്വെ, പുല്ലുമേട് ദുരന്തബാധിത പ്രദേശത്തെ കോണ്ടൂർ സർവ്വെ എന്നീ ജോലികൾ പൂർത്തീകരിച്ചു. 25 വില്ലേജുകളുടെ ജി.പി.എസ് പോയിന്റുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയാക്കി. 21 വില്ലേജുകളുടെ സർവ്വെ റിക്കാർഡുകൾ ഡിജിറ്റെസ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ല പള്ളിപ്പുറം വില്ലേജിലെ അപ്പോളോ കോളനി യിലെ 176 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ ഭൂമി സർവ്വെ ചെയ്തു.<br>മലപ്പുറം ജില്ല മേൽമുറി വില്ലേജിന്റെ സർവ്വെ ജോലികൾ പൂർത്തിയാക്കി സെക്ഷൻ 13 നോട്ടിഫിക്കേഷൻ അന്തിമ ഘട്ടത്തിലാണ്. KDH വെരിഫിക്കേഷൻ ജോലികളും അന്തിമഘട്ടത്തിലാണ്. കാഞ്ഞിരപ്പുഴ ഇറിഗേഷൻ വകുപ്പിനും, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനും ആവശ്യമായ സ്ഥലം സർവ്വെ ചെയ്യുന്ന ജോലികളും നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ കേരളത്തിൽ ഏതെല്ലാം വില്ലേജുകളാണ് റീസർവ്വെ ചെയ്യുന്നത്; | (ബി) | ഭൂമികേരളത്തിൻകീഴിൽ തിരുവനന്തപുരം ജില്ലയിലെ മണക്കാട്, തിരുമല, പാലക്കാട് ജില്ലയിലെ പാലക്കാട് -1, മലപ്പുറം ജില്ലയിലെ മേൽമുറി, കണ്ണൂർ ജില്ലയിലെ മാണിയൂർ, തൃശ്ശൂർ ജില്ലയിലെ പൂങ്കുന്നം എന്നീ വില്ലേജുകളിൽ റിസർവ്വെ അന്തിമഘട്ടത്തിലാണ്. |
| (സി) | മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജ് റീസർവ്വെ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | റീസർവ്വെ ജോലികൾ പൂർത്തിയാക്കി. സർവ്വെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം സർവ്വെ നടപടികൾ പൂർത്തീകരിച്ചതായുള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. |
| (ഡി) | 'ഭൂമികേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജുകളിൽ റീസർവ്വെ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | എങ്കിൽ ഏതെല്ലാം വില്ലേജുകളിലാണ് റീസർവ്വെ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | **തിരുവനന്തപുരം ജില്ലയിലെ** മുട്ടത്തറ, വഞ്ചിയൂർ, **പാലക്കാട് ജില്ലയിലെ** പാലക്കാട് -3, **മലപ്പുറം ജില്ലയിലെ** പാണക്കാട്, **തൃശ്ശൂർ ജില്ലയിലെ** പെരിങ്ങാവ്, അയ്യന്തോൾ, എന്നീ വില്ലേജുകളാണ് ഭൂമികേരളം പദ്ധതിയുടെ കീഴിൽ ഈ വർഷം റീസർവ്വെ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ